ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

നമ്പർ. **DTETVM/6953/2026-EB3 (EB)** തീയതി: **02-09-2026**

**<u>പരിപത്രം</u>**

വിഷയം:- വിദ്യാഭ്യാസം-സാങ്കേതികം-ഡയറക്ടറുടെ കാര്യാലയം- ജീവനകാര്യം (ബി) സെക്ഷൻ -ട്രേഡ്സ്മാൻ തസ്തികകളിൽ നിലവിലുള്ളതും ഉണ്ടാകാൻ സാധ്യതയുള്ളതുമായ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.

സൂചന :- **1)**സ.ഉ.(കൈ)നം. **13/2026/P&ARD,** തീയതി **01.07.2026.**
**2)**ഉദ്യോഗാർത്ഥികളിൽ നിന്നും ലഭിച്ച നിവേദനങ്ങൾ.

സർക്കാർ ഉത്തരവ് (സൂചന **1**) പ്രകാരം സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ നിലവിലുള്ളതും ഭാവിയിൽ ഉണ്ടാകാൻ സാധ്യതയുള്ളതുമായ എല്ലാ ഒഴിവുകളും കൃത്യസമയത്ത് കണ്ടെത്തി കേരള പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളുടെ നിരന്തരമായ നിവേദനങ്ങളും ഇതോടൊപ്പം കണക്കിലെടുക്കേണ്ടതുണ്ട്. ആയതിനാൽ, ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലെയും ട്രേഡ്സ്മാൻ തസ്തികകളിലെ ഒഴിവുകളുടെ വിവരങ്ങൾ അടിയന്തരമായി ശേഖരിക്കാൻ തീരുമാനിച്ചിരിക്കുന്നു.
ഇതുമായി ബന്ധപ്പെട്ട് എല്ലാ സ്ഥാപനമേധാവികളും താഴെ പറയുന്ന കാര്യങ്ങൾ അടിയന്തരമായി നിർവ്വഹിക്കേണ്ടതാണ്:

**1)**സ്ഥാപനത്തിൽ നിലവിലുള്ളതും അടുത്ത **6** മാസത്തിനുള്ളിൽ ഉണ്ടാകാൻ സാധ്യതയുള്ളതുമായ ഒഴിവുകൾ കൃത്യമായി തരം തിരിച്ച് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പ്രൊഫോർമ പൂരിപ്പിച്ച് **11/09/2026** വൈകുന്നേരം **5:00** മണിക്ക് മുൻപായി ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതാണ്.

**2)**താത്കാലിക ജീവനക്കാർ ജോലി ചെയ്യുന്ന തസ്തികകളാണെങ്കിൽ പോലും അവ ഒഴിവുകളായി കണ്ട് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തുകയോ കാലതാമസം വരുത്തുകയോ ചെയ്യുന്ന സ്ഥാപനമേധാവികൾക്കെതിരെ സർക്കാർ തലത്തിൽ നടപടികൾ ഉണ്ടാകുന്നതായിരിക്കും.

**3) MIS software** ൽ നിലവിലെ ജീവനക്കാരുടെയും ഒഴിവ് സംബന്ധിച്ച വിവരങ്ങളും അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

| സ്ഥാപനത്തിൻറെ പേര് | തസ്തികയുടെ പേര് | അനുവദിക്കപ്പെട്ട ആകെ തസ്തികകൾ | നിലവിലുള്ള ഒഴിവുകൾ(എണ്ണം) | നിലവിലുള്ള ഒഴിവുകൾ ഉണ്ടായ തീയതി | ഒഴിവ് ഉണ്ടായതിൻറെ കാരണം(റിട്ടയർമെന്റ്, പ്രൊമോഷൻ,ട്രാൻസ്ഫർ,അച്ചടക്കനടപടി,LWA ,etc) | അടുത്ത 6 മാസത്തിനകം ഉണ്ടാകാൻ സാധ്യതയുള്ള ഒഴിവുകൾ | നിലവിൽ ജോലി ചെയ്യുന്ന താൽക്കാലിക ജീവനക്കാരുടെ വിവരങ്ങൾ |
|---|---|---|---|---|---|---|---|
| | 1. | | | | | | |
| | 2 | | | | | | |

**Dr JAYAPRAKASH P**

**DIRECTOR**

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

Digitally signed by
Jayaprakash P
Date: 02-09-2026
11:30:10